# SSLC EXAMINATION:2020
# PHYSICS: ANSWER KEY

**Maximum mark:40** **Time:1½ hr**

---

SECTION.A

Answer **any FOUR** questions. Each question carries 1 score

1. ഒരു കോൺവെക്സ് മിററിന്റെ വക്രതാ ആരം (Radius of curvature) 24 cm ആണ്. ഈ മിററിന്റെ ഫോക്കസ്ദൂരം (focal length) എത്ര? (24 cm, 6 cm, 12 cm, 3 cm) 1

   **Ans**. 12 cm

2. AB എന്ന ചാലകത്തിലൂടെ വൈദ്യുതി പ്രവഹിക്കുമ്പോൾ രൂപപ്പെടുന്ന കാന്തികമണ്ഡലത്തിന്റെ (Electric field ) ദിശ ചിത്രത്തിൽ നൽകിയിരിക്കുന്നു. മാക്സ്‌വെല്ലിന്റെ വലംപിരി സ്ക്രൂ നിയമത്തിന്റെ അടിസ്ഥാനത്തിൽ ചാലകത്തിലെ വൈദ്യുതപ്രവാഹദിശ (direction of current through the conductor) എഴുതുക. 1




   **Ans**. A to B

3 ചുവടെ നൽകിയിരിക്കുന്ന ചിത്രങ്ങളിൽ മാധ്യമത്തിന്റെ ക്രിറ്റിക്കൽകോൺ സൂചിപ്പിക്കുന്നതേത്? 1




   **Ans**. ചിത്രം.B (52°)

4 സൂര്യപ്രകാശത്തിന്റെ വർണ്ണരാജിയിലെ (visible spectrum) വർണ്ണങ്ങൾ വിവിധ ക്രമത്തിലെഴുതിയിരിക്കുന്നു. ശരിയായ ക്രമം തെരഞ്ഞെടുത്തെഴുതുക. 1

   a. നീല, വയലറ്റ്, പച്ച, ചുവപ്പ്

   b. വയലറ്റ്, നീല, മഞ്ഞ, ചുവപ്പ്

   c. വയലറ്റ്, മഞ്ഞ, നീല , പച്ച

   d. പച്ച, മഞ്ഞ, ഓറഞ്ച്, നീല.

   **Ans**.b. വയലറ്റ്,നീല, മഞ്ഞ, ചുവപ്പ് (Increasing order of wavelength)

5 കൽക്കരിയെ (Coal) വായുവിന്റെ അസാന്നിധ്യത്തിൽ സ്വേദനം (distillation) ചെയ്യുമ്പോൾ ലഭിക്കുന്ന ഏതെങ്കിലും രണ്ട് ഉൽപന്നങ്ങളുടെ പേരെഴുതുക. 1

   **Ans**. കോൾഗ്യാസ്, കോക്ക്, കോൾടാർ, അമോണിയ.

Ebrahim Vathimattom.Ph:9495676772

SECTION.B

Answer **any FOUR** questions. Each question carries 2 score

6. 2

| പ്രതിരോധകങ്ങളുടെ ബന്ധന രീതി | സഫലപ്രതിരോധം | ഓരോപ്രതിരോധത്തിനും ലഭിച്ച വോൾട്ടത | ഓരോ പ്രതിരോധത്തിലൂടെയുമുള്ള കറന്റ് |
|---|---|---|---|
|   | കുറയുന്നു | തുല്യം | തുല്യം |
|   | കൂടുന്നു | വ്യത്യസ്തം | വ്യത്യസ്തം |

**Ans.**

| പ്രതിരോധകങ്ങളുടെ ബന്ധന രീതി | സഫലപ്രതിരോധം | ഓരോപ്രതിരോധത്തിനും ലഭിച്ച വോൾട്ടത | ഓരോ പ്രതിരോധത്തിലൂടെയുമുള്ള കറന്റ് |
|---|---|---|---|
|   | **കൂടുന്നു** | **വ്യത്യസ്തം** | തുല്യം |
|   | **കുറയുന്നു** | **തുല്യം** | വ്യത്യസ്തം |

7. ഒരു വ്യക്തിക്ക് വൈദ്യുതാഘാതമേൽക്കുമ്പോൾ നൽകേണ്ട പ്രഥമശുശ്രൂഷകളിൽ രണ്ടെണ്ണമെഴുതുക. 2

**Ans.** i. ശരീരം അമർത്തിതിരുമ്മുക.

ii. ആവശ്യമെങ്കിൽ കൃത്രിമ ശ്വാസോച്ഛ്വാസം നൽകുക.

8. AB എന്ന ചാലകം ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ ഒരു കാന്തികമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്നു. 2




a. നിങ്ങൾ ചാലകത്തെ ധ്രുവങ്ങൾക്കിടയിലൂടെ പുറത്തേക്ക് ചലിപ്പിച്ചാൽ വൈദ്യുതി പ്രേരണം ചെയ്യപ്പെടുന്നത് ഏത് ദിശയിലായിരിക്കും?

b. ഇതേ ചാലകത്തിലൂടെ വൈദ്യുതി A യിൽ നിന്നും B യിലേക്ക് പ്രവഹിപ്പിച്ചാൽ ചാലകത്തിന്റെ ചലനദിശ ഏതായിരിക്കും? (കാന്തത്തിനുള്ളിലേക്ക്/കാന്തത്തിന് പുറത്തേക്ക്)

**Ans**.a. B to A

b. കാന്തത്തിനുപുറത്തേക്ക്.

9. നൽകിയിരിക്കുന്ന DC മോട്ടോറിന്റെ രേഖാചിത്രം നിരീക്ഷിക്കുക. 2

a. A, B എന്നങ്ങനെ അടയാളപ്പെടുത്തിയ ഭാഗത്തിന്റെ പേരെഴുതുക.

b. ഈ ഉപകരണത്തെ ഒരു AC ജനറേറ്ററാക്കിമാറ്റാൻ ഘടനാപരമായി എന്തെല്ലാം മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്?




**Ans.**a. A – Armature. B – Split Ring
b. Split Ring കൾക്ക് പകരം Slip Rings ഉപയോഗിക്കണം.

10. ആകാശത്ത് നക്ഷത്രങ്ങൾ മിന്നിത്തിളങ്ങുന്നതായിതോന്നുന്നു. കാരണം വിശദീകരിക്കുക. 2

**Ans.**അന്തരീക്ഷവായുവിന്റെ സാന്ദ്രത (density)മുകളിൽനിന്നും താഴേക്ക് വരുന്തോറും കൂടിവരുന്നതിനാൽ അതിന്റെ പ്രകാശിക സാന്ദ്രതയിലും (optical density)മാറ്റമുണ്ടാകും. വ്യത്യസ്ത പ്രകാശികസാന്ദ്രതയുള്ള വായുപാളികളിലൂടെ നക്ഷത്രങ്ങളിൽനിന്നുള്ള പ്രകാശം കടന്നുവരുമ്പോൾ പ്രകാശത്തിന് തുടർച്ചയായ അപവർത്തനം (Refraction)സംഭവിക്കുന്നതിനാലാണ് നക്ഷത്രം തിളങ്ങുന്നതായി തോന്നുന്നത്.

SECTION.C

Answer **any FOUR** questions. Each question carries 3 score

11. രണ്ട് ഹീറ്ററുകളുടെ വിവരങ്ങൾ ചുവടെ നൽകിയിരിക്കുന്നു. 3

| ഹീറ്റർ.A | ഹീറ്റർ.B |
|---|---|
| പ്രവർത്തനവോൾട്ടത:230V<br>പ്രതിരോധം: 690Ω | പ്രവർത്തനവോൾട്ടത:230V<br>പ്രതിരോധം: 460Ω |

a. ഏതു ഹീറ്ററിനാണ് ഉയർന്ന ആമ്പിയറേജുള്ള ഫ്യൂസ് ആവശ്യമായി വരുന്നത്.

b. തന്നിരിക്കുന്ന ഹീറ്ററുകൾ അവയുടെ പ്രവർത്തനവോൾട്ടതയിൽ 5 മിനിറ്റ് പ്രവർത്തിപ്പിച്ചാൽ കൂടുതലായി ചൂടാകുന്നത് ഏതായിരിക്കും? കാരണം വിശദീകരിക്കുക.

**Ans.**a. Heater B.
b. i. Heater B യാണ് കൂടുതൽ ചൂടാകുന്നത്.
ii. $H = V^2t/R$ ആണ്. താപം റെസിസ്റ്റൻസിന് വിപരീതാനുപാതത്തിലായതിനാൽ (inverse proportional) റെസിസ്റ്റൻസ് കുറവുള്ള Heater B യിൽ കൂടുതൽ താപം ഉല്പാദിപ്പിക്കപ്പെടും./
[ റെസിസ്റ്റൻസ് കുറവായ ഹീറ്ററിൽ കറന്റ് (I) കൂടുതലായിരിക്കും. അതിനാൽ H = VIt അനുസരിച്ച് I കൂടുതലുള്ള ഹീറ്റർ.B കൂടുതൽ ചൂടാകും.]

12. O എന്ന വസ്തുവിൽനിന്നും OA, Ob എന്നീ പ്രകാശ രശ്മികൾ ഒരു സമതലദർപ്പണത്തിലേക്ക് ചരിഞ്ഞ് പതിക്കുന്നതാണ് ചിത്രീകരിച്ചിരിക്കുന്നത്. 3

a.പ്രതിബിംബരൂപീകരണത്തിന്റെ ചിത്രം വരയ്ക്കുക.

b. ഈ ദർപ്പണത്തിൽ രൂപീകൃതമാകുന്ന പ്രതിബിംബത്തിന്റെ ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക.






b. വസ്തുവിന്റെ അതേവലിപ്പം/നിവർന്നത്/മിഥ്യ(virtual)

13. ഒരു പ്രകാശകിരണം വായുവിൽനിന്നും ഗ്ലാസ് സ്ലാബിലേക്ക് ചരിഞ്ഞ് പതിക്കുന്നതാണ് ചിത്രീകരിച്ചിരിക്കുന്നത്. 3




a. പതനകോൺ എത്രയെന്ന് കണ്ടുപിടിക്കുക.

b. വായുവിൽനിന്നും ഗ്ലാസിലേക്ക് പ്രകാശം കടക്കുമ്പോൾ പതനകോണിനേക്കാൾ അപവർത്തനകോൺ കുറഞ്ഞത് എന്തുകൊണ്ടാണ്?

c. തന്നിരിക്കുന്ന ഗ്ലാസ് സ്ലാബിന്റെ അപവർത്തനാങ്കം കണക്കാക്കുന്നതെങ്ങനെ? (ഗണിത നിർദ്ധാരണം ആവശ്യമില്ല)

**Ans**.a. പതനകോൺ. 60°

b. ഗ്ലാസ്സിന് വായുവിനേക്കാൾ അപവർത്തനാങ്കം (refractive index)കൂടുതലായതിനാൽ./ ഗ്ലാസ്സിന് വായുവിനേക്കാൾ പ്രകാശിക സാന്ദ്രത (optical density)കൂടുതലായതിനാൽ

c. പതനകോണിന്റെ Sin വിലയെ അപവർത്തനകോണിന്റെ Sin വിലകൊണ്ട് ഹരിച്ചാൽ മതി.

അപവർത്തനാങ്കം (Refractive index)= Sin60/Sin33

14. അനുയോജ്യമായ ഫോക്കസ്ദൂരത്തോടുകൂടിയ ഒരു ലെൻസുപയോഗിച്ച് കണ്ണിന്റെ ഒരു ന്യൂനത പരിഹരിക്കുന്ന വിധമാണ് ചിത്രത്തിൽ. 3




a. കണ്ണിന്റെ ന്യൂനനതയെന്തെന്നെഴുതുക.

b. ഈ ന്യൂനതയുണ്ടാകാനുള്ള രണ്ടുകാരണങ്ങളെഴുതുക.

c. ഈ ന്യൂനത പരിഹരിക്കുന്നതിൽ കോൺകേവ് ലെൻസിന്റെ ധർമ്മമെന്ത്?

**Ans**.a.ഹ്രസ്വദൃഷ്ടി (മയോപ്പിയ)

b. നേത്രഗോളത്തിന് നീളക്കൂടുതൽ./ നേത്രലെൻസിന്ഫോക്കസ്ദൂരം കുറവ്/ പവർകൂടുതൽ.

c. ഈവൈകല്യമുള്ളവരിൽ ദൂരത്തുള്ള വസ്തുക്കളുടെ പ്രതിബിംബം രൂപപ്പെടുന്നത് റെറ്റിനക്ക് മുന്നിലായിരിക്കും. കോൺകേവ് ലെൻസിന്റെ സഹായത്തോടെ ഇത് റെറ്റിനയിൽ രൂപപ്പെടുന്നു.

15. a. 2020 മാർച്ചുവരെ കാലാവധിയുള്ള ഒരു LPG സിലിണ്ടറിൽ ഇത് എങ്ങനെയായിരിക്കും രേഖപ്പെടുത്തിയിരിക്കുന്നത്? 3

b. LPG വാതകച്ചോർച്ചമൂലമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ട രണ്ട് മുൻകരുതലുകളെഴുതുക.

**Ans**.a. A 20

b.i. കൃത്യമായ ഇടവേളകളിൽ ട്യൂബ്, റെഗുലേറ്റർ എന്നിവ പരിശോധിച്ച് കേടില്ലെന്ന് ഉറപ്പുവരുത്തുക.

ii. റെഗുലേറ്റർ ഓണാക്കിയതിനുശേഷം മാത്രം സ്റ്റൗവിന്റെ നോബ് തിരിക്കുക.

SECTION.D

Answer **any FOUR** questions. Each question carries 4 score

16. കാന്തവും കമ്പിച്ചുരുളും ഉപയോഗിച്ച് നടത്തിയ പരീക്ഷണത്തിലെ രണ്ട് ഘട്ടങ്ങളാണ് ചുവടെ ചിത്രീകരിച്ചിരിക്കുന്നത്. (ചിത്രം.A കാന്തത്തിന്റെ നിശ്ചലഘട്ടത്തെയും ചിത്രം.B ചലന ഘട്ടത്തെയും സൂചിപ്പിക്കുന്നു) 4



ചിത്രം.A



ചിത്രം.B

a. ഇവയിൽ ഏതുഘട്ടത്തിലായിരിക്കും ഗാൽവനോമീറ്റർ സൂചി ചലിക്കുന്നത്?

b. ഗാൽവനോമീറ്റർ സൂചി ചലിക്കുവാനുള്ള കാരണം ശാസ്ത്രതത്വസഹിതം വിശദീകരിക്കുക.

c. പ്രതിപാദിച്ച ശാസ്ത്രതത്വത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന രണ്ടുപകരണങ്ങളുടെ പേരെഴുതുക.

**Ans**.a. ചിത്രം.B

b. ഒരു പൂർത്തീകരിച്ച സർക്യൂട്ടുമായി (Closed circuit) ബന്ധപ്പെട്ട കാന്തിക ഫ്ലക്സിന് വ്യതിയാനം സംഭവിക്കുമ്പോൾ അതിൽ ഒരു വൈദ്യുതി പ്രേരണം ചെയ്യപ്പെടുന്ന പ്രതിഭാസമാണ് വൈദ്യുതകാന്തികപ്രേരണം (Electromagnetic Induction)

ഈ ക്രമീകരണത്തിൽ കാന്തം ചലിക്കുമ്പോൾ കോയിലുമായി ബന്ധപ്പെട്ട കാന്തികഫ്ലക്സിന് തുടർച്ചയായി വ്യതിയാനം സംഭവിക്കുകയും വൈദ്യുതകാന്തികപ്രേരണംമൂലം കോയിലിൽ വൈദ്യുതി പ്രേരണം ചെയ്യപ്പെടുകയും ചെയ്യുന്നു.

c. ജനറേറ്റർ, മൂവിങ്ങ്കോയിൽ മൈക്രോഫോൺ.

17. താഴെ തന്നിരിക്കുന്ന പ്രതിഭാസങ്ങൾക്ക് കാരണമായ ശാസ്ത്രീയ വിശദീകരണമെഴുതുക. 4

a. മഞ്ഞുള്ള പ്രഭാതത്തിൽ സൂര്യപ്രകാശത്തിന്റെ പാത ദൃശ്യമായി.

b. വേഗത്തിൽ കറക്കിയപ്പോൾ ന്യൂട്ടന്റെ വർണ്ണപമ്പരം വെള്ളനിറത്തിൽ ദൃശ്യമായി.

c. ഉദയാസ്തമയങ്ങളിൽ സൂര്യന്റെ നിറം ചുവപ്പായി കാണപ്പെട്ടു.

d.. ഒരു വ്യക്തിക്ക് അകലെയുള്ള വസ്തുക്കളെയും അടുത്തുള്ള വസ്തുക്കളെയും വ്യക്തമായി കാണാൻ കഴിയുന്നു.

**Ans**.a. ടിന്റൽ ഇഫക്ട് (പ്രകാശവിസരണം)

b. സമന്വിതപ്രകാശത്തിലെ ഘടകവർണ്ണങ്ങളുടെ പുനസംയോജനം. (Recombination of constituent colours)/ വീക്ഷണസ്ഥിരത (Persistence of vision)

c. ചുവപ്പിന് തരംഗദൈർഘ്യം(wavelength) കൂടുതലായതിനാൽ വിസരണം (scattering)കുറവാണ്./ മറ്റുവർണ്ണങ്ങളെ അപേക്ഷിച്ച് ചുവപ്പിന് വിസരണം കുറവാണ്.

d. കണ്ണിന്റെ പവർ ഓഫ് അക്കമഡേഷൻമൂലം.

18. നൽകിയിരിക്കുന്ന സർക്യൂട്ടുകൾ വിശകലനം ചെയ്യുക 4



(P)



(Q)

a. ഏത് സർക്യൂട്ടിൽ ഘടിപ്പിച്ചിരിക്കുന്ന പ്രതിരോധകങ്ങൾക്കാണ് തുല്യ വോൾട്ടത ലഭ്യമാകുന്നത്?

b. സർക്യൂട്ട് (P) യിലെ പ്രതിരോധകം $R_2$ വിന് ലഭ്യമാകുന്ന വോൾട്ടത കണക്കാക്കുക.

c. നൽകിയിരിക്കുന്ന രണ്ട് സർക്യൂട്ടുകളിലൂടെയും 5 മിനിറ്റ് സമയം വൈദ്യുതി പ്രവഹിക്കുന്നുവെങ്കിൽ, ഏത് സർക്യൂട്ടിലായിരിക്കും കൂടുതൽതാപം ഉൽപാദിപ്പിക്കപ്പെട്ടത്? വിശദീകരിക്കുക.

**Ans**.a. രണ്ട് സർക്യൂട്ടിലെയും പ്രതിരോധകങ്ങൾക്ക് (Resistors) തുല്യമായ വോൾട്ടത ലഭിക്കും.

(ഇതിന്റെ ഉത്തരമായി ചോദ്യകർത്താവ് പ്രതീക്ഷിക്കുന്നത് സർക്യൂട്ട്.Q ആണ് എന്ന് മനസ്സിലാകുന്നുണ്ട്. അതിനാൽ ഉത്തരം അത്ര ശരിയല്ലെങ്കിലും സർക്യൂട്ട്.Q എന്ന് ഉത്തരം എഴുതിയവർക്കും മാർക്ക് ലഭിച്ചേക്കാം)

b. 5V [ശ്രേണീരീതിയിൽ (Series)ബന്ധിപ്പിച്ചിരിക്കുന്ന രണ്ട് റെസിസ്റ്ററുകളിലായി പ്രയോഗിച്ച വോൾട്ടത തുല്യമായി വിഭജിക്കപ്പെടും]

c. സർക്യൂട്ട് Q വിൽ കൂടുതൽ താപമുണ്ടാകും.

സർക്യൂട്ട് P യിലെ സഫലപ്രതിരോധം (Effective resistance) 200 Ω ഉം സർക്യൂട്ട് Q യിലെ സഫലപ്രതിരോധം 50 Ω ഉം ആണ്. രണ്ടിലും നൽകിയിരിക്കുന്ന വോൾട്ടത തുല്യവുമാണ് .

$H = V^2t/R$ അനുസരിച്ച് താപം , പ്രതിരോധത്തിന് വിപരീതാനുപാതത്തിലായതിനാൽ (inverse proportional) സഫലപ്രതിരോധം കുറവായ സർക്യൂട്ടിൽ കൂടുതൽ താപം ഉണ്ടാകും.

[പ്രതിരോധകങ്ങളെ സമാന്തരമായി ക്രമീകരിച്ചിരിക്കുന്നതിനാൽ സർക്യൂട്ട്.Q ൽ സഫലപ്രതിരോധം കുറവും കറന്റ് കൂടുതലുമായിരിക്കും. അതിനാൽ $H = VIt$ / $H = V^2t/R$ പ്രകാരം സർക്യൂട്ട്.Q ൽ കൂടുതൽ താപം ഉണ്ടാകും.

19. ചിത്രം നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. $B_1$, $B_2$ എന്നിവ ഒരേപോലുള്ള ബൾബുകളാണ്. 4




a. സർക്യൂട്ടിലെ പ്രകാശിക്കുന്ന ബൾബേത്?

b. സർക്യൂട്ടിലെ DC സ്രോതസ് മാറ്റി സമാന വോൾട്ടതയിലുള്ള ac സ്രോതസ് ഘടിപ്പിക്കുന്നു. ബൾബുകളുടെ പ്രവർത്തനത്തിൽ എന്തുമാറ്റമാണ് നിരീക്ഷിക്കുന്നത്?

**Ans.**a. ബൾബ്.$B_1$,

b. i.സെൽഫ് ഇണ്ടക്ഷൻമൂലം $B_1$ എന്ന ബൾബിന്റെ പ്രകാശത്തിൽ കുറവുണ്ടാകും.

$B_2$ എന്ന ബൾബ് തുടർച്ചയായി പ്രകാശിച്ചുനിൽക്കും.

ii.ഒന്നാമത്തെകോയിലിലൂടെ വ്യതിയാനം സംഭവിക്കുന്ന വൈദ്യുതി കടന്നുപോകുമ്പോൾ അതിനുചുറ്റും രൂപപ്പെടുന്ന കാന്തികമണ്ഡലത്തിനും വ്യതിയാനം സംഭവിക്കും. തൽഫലമായി മ്യൂച്ചൽ ഇണ്ടക്ഷനിലൂടെ സെക്കന്ററികോയിലിൽ വൈദ്യുതി പ്രേരണം ചെയ്യപ്പെടുന്നതിനാലാണ് $B_2$ എന്ന ബൾബ് പ്രകാശിക്കുന്നത്.

20. ലെൻസുകളുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിരിക്കുന്ന ആശയങ്ങൾ വിശദീകരിക്കുക. 4

a. പ്രകാശിക കേന്ദ്രം. (Optic centre)

b. വക്രതാകേന്ദ്രം. (Centre of curvature)

c. കോൺവെക്സ് ലെൻസിന്റെ മുഖ്യഫോക്കസ്. (Principal focus of a convex lens)

d. കോൺകേവ് ലെൻസിന്റെ ഫോക്കസ് ദൂരം. (Focal length of concave lens)

**Ans.**a. ലെൻസിന്റെ മധ്യബിന്ദു.

b. ലെൻസിന്റെ വശങ്ങൾ ഭാഗമായി വരുന്ന ഗോളത്തിന്റെ കേന്ദ്രം.

c. കോൺവെക്സ് ലെൻസിന്റെ മുഖ്യ അക്ഷത്തിന് സമാന്തരമായി ലെൻസിൽ പതിക്കുന്ന പ്രകാശം അപവർത്തനത്തിനുശേഷം മുഖ്യ അക്ഷത്തിലെ ഒരു ബിന്ദുവിൽ കേന്ദ്രീകരിക്കും. ഈ ബിന്ദുവാണ് കോൺവെക്സ് ലെൻസിന്റെ മുഖ്യഫോക്കസ്.

c. പോളിൽനിന്നും മുഖ്യഫോക്കസിലേക്കുള്ള ദൂരം.

Comments:1. Questions. 6,11,18 എവന്നീചോദ്യങ്ങളിൽ സമാന ആശയങ്ങളാണ് Evaluate ചെയ്യപ്പെടുന്നത്.

2: Questions. 8 മികച്ചനിലവാരവും പുതുമയുമുള്ള ചോദ്യമാണ്.

3: Questions.9.b യിൽ "എന്തെല്ലാം മാറ്റങ്ങൾ വരുത്തണം" എന്ന് ചോദിച്ചതിന്റെ യുക്തി ബോധ്യപ്പെടുന്നില്ല. ഘടനാപരമായി ഒരേയൊരുമാറ്റമേ പറയാൻ കഴിയുന്നുള്ളൂ.

4. Questions.14.c ഒഴിവാക്കാമായിരുന്നു.